Code No. 02

# HIGHER SECONDARY
## FIRST TERMINAL SECOND YEAR EXAMINATION 2018-19
### PART II
### Malayalam മലയാളം

Time : 2 1/2 hrs
Max Score: 80
Cool off time : 15 Minutes

---

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ**

- നിർദ്ദിഷ്ട സമയത്തിനു പുറമേ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- നിർദ്ദേശങ്ങൾ മുഴുവൻ ശ്രദ്ധാപൂർവ്വം വായിക്കണം.
- ഉത്തരങ്ങൾ എഴുതുന്നതിനുമുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**(1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉചിതമായ ഉത്തരം എഴുതുക. സ്കോർ 2 വീതം)**

**(4 x 2 = 8)**

1. "ഭരിച്ചു കൊള്ളുക തവ പുത്രനെ വൈകാതെ നീ
സുരസ്ത്രീ സമയായ കൗശികപുത്രിയോടും" - ഈ അശരീരിവാക്യത്തിന് യോജിക്കുന്ന പ്രസ്താവനകൾ എടുത്തെഴുതുക.

   - ദുഷ്ഷന്തന്റെ ദുരധികാരത്തെ ന്യായീകരിക്കുന്നു.
   - ശകുന്തളയുടെ അമ്മയെയും അച്ഛനെയും കുറിച്ചുള്ള സൂചനയുണ്ട്.
   - ശകുന്തളയുടെ അന്തസ്സിനെയും ആത്മാഭിമാനത്തെയും പിന്തുണയ്ക്കുന്നു
   - ദുഷ്ഷന്തന്റെ ആക്ഷേപങ്ങൾ ശരിവയ്ക്കുന്നു.

2. 'ഒമ്പതു വയസ്സായ ടോട്ടോയും ഏഴുവയസ്സുകാരൻ ജോവലും അച്ഛനമ്മമാർ കരുതിയതിനെക്കാൾ നിശ്ചയദാർഢ്യമുള്ളവരായിരുന്നു' എന്നതിന് രണ്ട് ഉദാഹരണം എഴുതുക.

3. "ഈറ്റപ്പുലി നോറ്റു കിടക്കും
ഈറൻ കണ്ണു തുറന്നും
കരിമൂർഖൻ വാലിൽ കിളരും
പുരികം പാതി വളച്ചും
നീറായ വനത്തിൻ നടുവിൽ
നിൽപ്പു കാട്ടാളൻ ... " ഈ വരികളിൽ തെളിയുന്നത് എന്തെല്ലാം?

- കാട്ടാളന്റെ ഉദാസീന മനോഭാവം
- കാട്ടാളന്റെ തീവ്രമായ രോഷം
- കാട്ടാളന്റെ അതിയായ സന്തോഷം
- കാട്ടാളനിലുള്ള കാടിന്റെ പ്രാതിനിധ്യം

4. ശകുന്തളക്ക് ദുഷ്ഷന്തനെക്കാൾ മേന്മയുണ്ടെന്നു കാണിക്കുന്ന വരികൾ ഏതെല്ലാമെന്ന് ചൂണ്ടിക്കാണിക്കുക.

- കോകിലനാരിപോലെ നീ പരഭൃതയല്ലോ
  പോക വൈകാതെ നിന്നെക്കാൺകയിലിച്ഛയില്ല.
- മേദിനിയിലും പുനരന്തരീക്ഷത്തിലും
  ഭേദമെന്നിയേ നടന്നീടാമിന്നെനിക്കെടോ.
- മറ്റുള്ള ജനങ്ങൾക്കു കുറ്റങ്ങൾ പറഞ്ഞീടും
  മുറ്റും തന്നുടെ കുറ്റമൊന്നറികയുമില്ല.
- മേരുവും കടുകുമുള്ളന്തരമുണ്ടു നമ്മിൽ,
  സാരജ്ഞനല്ലൊട്ടുമോർത്തോളം ധാത്രീശ! ഭവാൻ.

5. സഹപാഠികൾക്ക് വീട്ടിൽവച്ച് ഒരു പാർട്ടി കൊടുക്കണം എന്ന് കുട്ടികൾ ആവശ്യപ്പെട്ടല്ലോ. ഇത് അവർക്ക് പാകത വരുന്നതിന്റെ തെളിവാണെന്ന് പപ്പ പറയാനുള്ള കാരണങ്ങൾ ഏവ?

- പാർട്ടി നൽകുന്നത് മുതിർന്നവർ ചെയ്യുന്ന കാര്യമാണ്.
- കുട്ടികളുടേത് നിഷേധാത്മകമായ പെരുമാറ്റമാണ്.
- കുട്ടികൾ മാനസിക വളർച്ച നേടിയെന്നു കരുതിയതുകൊണ്ട്.
- കുട്ടിത്തം നിറഞ്ഞ ആവശ്യമായതുകൊണ്ട്.

**(6 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരം എഴുതുക. സ്കോർ 4 വീതം)**

**(6x 4 = 24)**

6. "കണ്ണാടി കാണ്മോളവും തന്നുടെ മുഖമേറ്റം
നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ'' ശകുന്തളയുടെ ഈ വാക്കുകളിൽ ദുഷ്ഷന്തനോടുള്ള വിമർശനം അടങ്ങിയിട്ടുണ്ടോ? വ്യക്തമാക്കുക

7. "നാവികൻ നീ ഭവാബ്ധിക്കൊ-
രാവിവൻതോണി നിൻപദം'' - ഈ വരികളിലെ ആശയം വിശദമാക്കുക.

8. "ഇപ്പോൾ അവർ താമസിക്കുന്ന മാഡ്രിഡ് എന്ന യൂറോപ്യൻ പരിഷ്കൃത നഗരത്തിൽ ഇതൊന്നുമില്ല. ഒരു വലിയ ഫ്ളാറ്റ് സമുച്ചയത്തിലെ അഞ്ചാം നിലയിലുള്ള ഒരു അപ്പാർട്ടുമെന്റിലാണ് അവർ തിങ്ങിക്കൂടിക്കഴിയുന്നത്.'' (പ്രകാശം ജലം പോലെയാണ്)

– 'അവരുടെ' ജീവിതത്തെക്കുറിച്ച് എന്തൊക്കെ സൂചനകളാണ് ഇവിടെ നിന്നും ലഭിക്കുന്നത്. നിരീക്ഷണങ്ങൾ എഴുതുക

9. ഒരു നിമിഷം തേങ്ങിക്കരയും
വേഴാമ്പൽ പക്ഷികണക്കെ
മഴനീരിനു മാനം നോക്കി
യിരുന്നു കാട്ടാളൻ.
മാനത്തിനു മൗനം, ഭ്രാന്ത-
സ്നേഹത്തിനു ദാഹം പെരുകി
മാന്തോപ്പുകളുരുകും മണ്ണി
ലിരുന്നൂ കാട്ടാളൻ.

ഈ വരികളിൽ തെളിയുന്ന  പാരിസ്ഥിതികപ്രശ്നങ്ങൾ കണ്ടെത്തി കുറിപ്പു തയാറാക്കുക.

10. "നളനില്ലൊരപരാധം പോൽ, ഉണ്ടെന്നാകിലും
കുലനാരിക്കരുത് കോപം പോൽ"

- 'കുലനാരി കോപിക്കാൻ പാടില്ല' എന്നു പറയുന്നതിനോട് യോജിക്കുന്നുണ്ടോ? വിശദമാക്കുക.

11. 'മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്ന തെരുവ്' (അവകാശങ്ങളുടെ പ്രശ്നം) എത്രമാത്രം യാഥാർഥ്യവുമായി പൊരുത്തപ്പെടുന്നു? വിലയിരുത്തുക.

12. 'പ്രകാശം ജലം പോലെയാണ്' എന്ന കഥയിലെ അമ്മയുടെ വ്യക്തിത്വം വേറിട്ട് നിൽക്കുന്നുണ്ടോ? വ്യക്തമാക്കുക.

**(13 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. സ്കോർ 6 വീതം)**

**(4 x 6 = 24)**

13. 'കിരാതവൃത്തം' എന്ന കവിതയെ തീവ്രാനുഭവമാക്കുന്നത് അതിലെ ബിംബാത്മകമായ ഭാഷയാണ്. വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

14. 'എന്റെ അച്ഛന്റെയും അമ്മയുടെയും ചിത്രങ്ങൾക്കുവേണ്ടി ഞാനിനി പോകാനൊരിടമില്ല'.

'കണ്ടുകണ്ട് ഏതാണ്ടെല്ലാ പടങ്ങളും ഒരേപോലെയാണെന്നുവരെ അയാൾക്ക് തോന്നിത്തുടങ്ങിയിരുന്നു'.

'തനിക്കാവശ്യമുള്ള മുഖങ്ങൾ ഏതെന്ന് അയാൾ കുറേശ്ശെ മറന്നു തുടങ്ങിയിരുന്നു'.

- ഈ വാക്യങ്ങൾ ദിവാകരൻ എന്ന കഥാപാത്രത്തിന്റെ മാനസികാവസ്ഥയെ മനസിലാക്കാൻ എന്തുമാത്രം സഹായകമാണ്? പരിശോധിക്കുക.

15. കാക്കാരിശ്ശി നാടകത്തെ ആകർഷകമാക്കുന്നതിൽ സംഭാഷണരീതി, സംഗീതാത്മകത, ഫലിതസ്വഭാവം എന്നിവയ്ക്ക് പങ്കുണ്ടോ? വിശദമാക്കുക.

16. കേശിനിയുടെ വാക്കുകളിലൂടെ ബാഹുകന്റെ സ്വഭാവസവിശേഷതകൾ തിരിച്ചറിയാൻ കഴിയുമോ? കണ്ടെത്തലുകൾ അവതരിപ്പിക്കുക.

17. കാടും കുടുംബവും ജീവിതവും നഷ്ടപ്പെട്ട കാട്ടാളന്റെ പ്രതികാരചിന്തയെ കവി അവതരിപ്പിക്കുന്നത് എന്തുമാത്രം ഉചിതമായിരിക്കുന്നു? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

**(18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. സ്കോർ 8 വീതം)**

**(2 x 8 = 16)**

18. 'മാതൃഭാഷയിലൂടെ വിഷയങ്ങൾ പഠിക്കുന്നതിന് വലിയ പ്രാധാന്യമാണുള്ളത്. പഠിതാക്കളെ ചുറ്റുപാടുകളുമായി ബന്ധിപ്പിക്കാനും കൂടുതൽ ചിന്തിപ്പിക്കാനും ഭാവനാശേഷി വിപുലമാക്കാനും മാതൃഭാഷയിലൂടെയുള്ള പഠനം സഹായിക്കും.'

- നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

19. 'കണ്ണാടി കാൺമോളവും' എന്ന കാവ്യഭാഗത്തിലെ ശകുന്തള കരുത്തുറ്റ സ്ത്രീ കഥാപാത്രമാണോ? വിശകലനം ചെയ്ത് നിഗമനങ്ങൾ അവതരിപ്പിക്കുക

20. 'പ്രകാശം ജലം പോലെയാണ്' എന്ന കഥയും 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയും സ്വീകരിച്ചിരിക്കുന്ന ആവിഷ്ക്കാരരീതികളെ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക

**(21 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക്, തന്നിരിക്കുന്ന കാവ്യഭാഗം വായിച്ച് ഉചിതമായ ഉത്തരം എഴുതുക.)**

പനിനീർച്ചെമ്പകച്ചെറുമുള്ളേറ്റു നിൻ
കുരുന്നു കൈവിരൽ മുറിഞ്ഞിതേ!
തനിയേ തൈമാവിൽക്കയറിവീണോമൽ -
ച്ചെറുകാൽമുട്ടുകൾ ചതഞ്ഞിതേ!

മറിച്ചിട്ടിപ്പടം മുകളിൽ നിന്നയ്യോ!
മുറിച്ചിതേ പൊന്നിൻനെറുകയും
മുറിയിൽക്കട്ടിന്മേൽ കയറിച്ചാഞ്ചാടി-
ത്തറയിൽ വീണിപ്പൂങ്കവിളും നീ

കരുതേണ്ട, തല്ലുമിതിനായ് ഞാനെന്നു,
കരയേണ്ട, നോവുമകന്നുപോം
അറിയാപ്പൈതൽ നീ കളിയാടിയേറ്റ
മുറിവു ഭൂഷണം നിനക്കുണ്ണീ

ഉരച്ചിവണ്ണമക്ഷതമോരോന്നുമേ
തിരിച്ചു ചുംബിച്ചാളുടനമ്മ,
സ്ഫുരിച്ച പുഷ്പത്തെയളിപോലെ, കുട്ടി
ചിരിച്ചാൻ കാർ നീങ്ങും ശശിപോലെ.

(കുമാരനാശാൻ)

*(അർഥസൂചനകൾ -*
*ഭൂഷണം - അലങ്കാരം, ക്ഷതം - മുറിവ്, ഉരച്ചു - പറഞ്ഞു, കാർ - കറുത്തമേഘം, ശശി - അമ്പിളി, സ്ഫുരിച്ച - വിരിഞ്ഞ, അളി - വണ്ട്)*

21. കുട്ടിക്ക് എങ്ങനെയെല്ലാമാണ് പരിക്കുപറ്റിയത്? വ്യക്തമാക്കുക. 3

22. അമ്മ എന്തു പറഞ്ഞാണ് കുട്ടിയെ ആശ്വസിപ്പിച്ചത്? 2

23. കുട്ടിയുടെ ക്ഷതത്തിൽ അമ്മ ചുംബിച്ചതും കുട്ടി സന്തോഷിച്ചതും കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ? 3